kairalinewsOnline

06 January 2024

# തീരക്കടലിനപ്പുറം മീൻപിടുത്തം നിയന്ത്രിക്കാൻ കേന്ദ്ര നിയമം കൊണ്ടുവരണമെന്ന് സിഎംഎഫ്ആർഐ

തീരക്കടലിനപ്പുറം മീൻപിടുത്തം നിയന്ത്രിക്കാൻ കേന്ദ്ര നിയമം കൊണ്ടുവരണമെന്ന് സിഎംഎഫ്ആർഐ. ഇന്ത്യൻ സമുദ്ര മത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനാവശ്യമായ നയരൂപീകരണം നടത്തുന്നതിന് സമഗ്രമായ നിർദേശങ്ങളും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം മുന്നോട്ടുവെച്ചു.

ഇന്ത്യൻ സമുദ്ര മത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനായി കേന്ദ്ര നിയമനിർമാണം ഉൾപ്പെടെ സമഗ്രമായ നിർദേശങ്ങളാണ് സിഎംഎഫ്ആർഐ മുന്നോട്ടുവെച്ചത്. തീരക്കടലുകളിലെ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയ നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. എന്നാൽ 12 നോട്ടിക്കൽ മൈൽ പരിധിയിലുള്ള തീരക്കടലിനപ്പുറം ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നിയന്ത്രിക്കാൻ കേന്ദ്ര നിയമം അനിവാര്യമാണെന്ന് സിഎംഎഫ്ആർഐ ചൂണ്ടിക്കാട്ടി.

മത്സ്യത്തൊഴിലാളികളുടെ സ്വത്തിനും ജീവനും സുരക്ഷയൊരുക്കുന്നതിനായി അപകട ഇൻഷുറൻസ്, ബോട്ട് ഇൻഷുറൻസ് തുടങ്ങിയവ കാര്യക്ഷമമായി നടപ്പിൽവരുത്തണം. മത്സ്യോൽപാദനം കൂട്ടാനായി കടലിൽ കൃത്രിമപാരുകൾ സ്ഥാപിക്കുന്ന പദ്ധതി എത്രത്തോളം ഫലപ്രദമാകുന്നുവെന്നതിനുള്ള തുടർപഠനങ്ങളും നിരീക്ഷണങ്ങളും നടത്തി മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം നടപ്പാക്കണം തുടങ്ങിയവയാണ് സിഎംഎഫ്ആർഐയുടെ മറ്റ് പ്രധാന നിർദേശങ്ങൾ. നീതി ആയോഗിന്റെ നേതൃത്വത്തിൽ സിഎംഎഫ്ആർഐയിൽ നടന്ന ദേശീയ ശിൽപശാലയുടെ ഭാഗമായുള്ള വികസനചർച്ചയിലാണ് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ നിർദേശങ്ങൾ മുന്നോട്ടുവെച്ചത്.